**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1793** **29-09-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിലെ വിദേശവിദ്യാർത്ഥി പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിലെ വിദേശ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത വിദ്യാർത്ഥികൾ കൂടുതലായി ആവശ്യപ്പെടുന്ന പഠനമേഖലകൾ ഏതൊക്കെയാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ വിദേശ വിദ്യാർത്ഥികൾക്ക് മികച്ച പ്രാതിനിധ്യമുണ്ട്. വിദേശ വിദ്യാർത്ഥികൾ കൂടുതലായി ആവശ്യപ്പെടുന്ന പഠനമേഖലകൾ പ്രധാനമായും Management-MBA, BBA, Computer Science, Artificial Intelligence, Cyber Security, International Relations, Political Science, English Language & Literature, Bioscience-Biotechnology, Microbiology, Biochemistry, Bio Informatics, Master of Social Work, Journalism & Mass Communication, Media Studies തുടങ്ങിവയാണ്. |
| (ബി) | സംസ്ഥാനത്തെ സർവകലാശാലകളും വിദേശ സർവകലാശാലകളുമായി അക്കാദമിക് സഹകരണം നേടുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി അന്താരാഷ്ട്ര തലത്തിലുള്ള ഉന്നതവിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ ഉന്നതവിദ്യാഭ്യാസ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുന്നതിനു വേണ്ടി 2025 ജനുവരി 14, 15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ (CUSAT) വച്ച് അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചു. വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും വിദേശ സർവകലാശാലകളുമായി അക്കാദമിക സഹകരണം ഉറപ്പുവരുത്തുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു :<br><br><u>സ്റ്റഡി ഇൻ കേരള :</u><br><br>അന്താരാഷ്ട്ര വിദ്യാർത്ഥികളെ മുഴുവൻ സമയ-ഹ്രസ്വകാല പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സാധ്യതകൾ |

| | | | |
|---|---|---|---|
| | | | കേരളത്തിലുണ്ട്. കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയിലൂടെ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.<br><br><u>വിദേശ സർവ്വകലാശാലകളുമായി ഒപ്പുവയ്ക്കുന്ന ധാരണാപത്രങ്ങൾ :</u><br><br>വിദേശ സർവ്വകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുന്നതിനുള്ള വിവിധ നടപടികൾ ഉന്നതവിദ്യാഭ്യാസ കൗൺസിലും സംസ്ഥാന സർവ്വകലാശാലകളും തുടർന്നുവരുന്നു.<br><br><u>സ്കോളർ കണക്റ്റ് :</u><br><br>പ്രവാസി അക്കാദമിക സമൂഹത്തെ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല ശാക്തീകരിക്കുന്നതിനായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് സ്കോളർ കണക്റ്റ്. അന്താരാഷ്ട്ര പണ്ഡിതരുമായി വ്യവസ്ഥാപിതമായ ബന്ധം സൃഷ്ടിക്കുന്നതിലൂടെ, സ്കോളർ കണക്റ്റ് അക്കാദമിക് അന്താരാഷ്ട്രവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ഗവേഷണ ദൃശ്യത വർദ്ധിപ്പിക്കുന്നതിനും വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും വിദേശത്ത് കേരളത്തിന്റെ അക്കാദമിക് സാന്നിധ്യം വളർത്തുന്നതിനും സഹായകമാണ്. |
| (സി) | വിദേശ വിദ്യാർത്ഥി പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയിൽ അക്കാദമിക ഗുണമേന്മ ഉറപ്പാക്കുന്നതിനും സിലബസ് പരിഷ്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവ്വചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. വിദേശ സർവ്വകലാശാലകൾ പൊതുവേ പിൻതുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവ്വകലാശാലകളിലും/കോളേജുകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇത് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പൊതു സ്വീകാര്യത വർദ്ധിപ്പിക്കുന്നു. വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ |

| | | | |
|---|---|---|---|
| | | | കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനുള്ള തരത്തിലാണ് കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. നാലുവർഷ ബിരുദ ക്രെഡിറ്റുകൾക്ക് ലോകത്തിലെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ